## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.529** **29.11.2018-ൽ മറുപടിയ്ക്ക്**

## <u>നവകേരള ലോട്ടറിയിൽ നിന്നുള്ള വരുമാനം</u>

| ചോദ്യം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നവകേരള ലോട്ടറിയിൽ നിന്നും എത്ര തുക വരുമാനമായി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (എ) | നവകേരള ഭാഗ്യക്കുറിയുടെ (NK-1) 90 ലക്ഷം ടിക്കറ്റുകൾ പരമാവധി അച്ചടിക്കുന്നതിനും അതിലൂടെ പരമാവധി 85.70 കോടി രൂപ അറ്റാദായമായി സമാഹരിക്കുന്നതുമാണ് ലക്ഷ്യമിട്ടിരുന്നത്. |
| (ബി) | ഈ ലോട്ടറിയിൽ നിന്നും സർക്കാരിന് ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | നവകേരള ഭാഗ്യക്കുറിയുടെ (NK-1) വിൽപ്പനയിലൂടെ ആകെ 36.10 കോടി രൂപയാണ് ലഭിച്ചത്. അതിൽ 16.57 കോടി രൂപയോളം അറ്റാദായമായി സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| (സി) | നവകേരള ലോട്ടറിയിൽ നിന്നും പ്രതീക്ഷിച്ച തുക ലഭിക്കാത്തതിന്റെ കാരണം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | തിരുവോണം ബമ്പർ 2018 ഭാഗ്യക്കുറി വിപണിയിലുള്ളപ്പോൾ അടിയന്തിര സാഹചര്യം മുൻനിർത്തി പ്രളയാനന്തര കേരളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ധനസമാഹരണാർത്ഥമാണ് നവകേരള ഭാഗ്യക്കുറി വിപണിയിലിറക്കിയത്. കൂടാതെ പ്രളയാനന്തര കേരളത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകളും, മറ്റനുബന്ധ ഘടകങ്ങളും നവകേരള ഭാഗ്യക്കുറി വിൽപ്പനയെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി വിലയിരുത്തുന്നു. |

**സെക്ഷൻ ഓഫീസർ**